## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 6315** **11.7.2012- ൽ മറുപടിക്ക്**

## അഗ്രികൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) അഗ്രികൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് പി.എസ്.സി. എത്ര ലിസ്റ്റുകളായാണ് പ്രസിദ്ധീകരിച്ചത്; എന്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; | (എ) കൃഷി വകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് രണ്ട് ലിസ്റ്റുകളായാണ് 18.5.2012-ൽ പ്രസിദ്ധീകരിച്ചത്. ടി തസ്തികയ്ക്ക് 1-ാം യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും നൽകപ്പെടുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യയോഗ്യതയോ ആണ്. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ VHSC (Agriculture) യോഗ്യതയും ടി രണ്ട് യോഗ്യതയുള്ളവരുടെ അഭാവ ത്തിൽ കൃഷി മുഖ്യവിഷയമായിട്ടുള്ള SSLC യോ തത്തുല്യ യോഗ്യതയോ പരിഗണിക്കാമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 1-ാം യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി ലിസ്റ്റ് I ഉം 2-ാം യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി ലിസ്റ്റ് II ഉം ആയിട്ടാണ് ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. മൂന്നാം യോഗ്യതയുള്ളവരെ പരിഗണിച്ചിട്ടില്ല. |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കട്ട് ഓഫ് മാർക്ക് എത്രയാണ്; | (ബി) പ്രസ്തുത തസ്തികയുടെ ലിസ്റ്റിൽ 1-ൽ പരീക്ഷ എഴുതിയ നിശ്ചിത യോഗ്യതയുള്ള |

| | | | |
|---|---|---|---|
| | | | എല്ലാവരേയും ഉൾപ്പെടുത്തുകയും ലിസ്റ്റ് II-ന്റെ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയ അവസാന ഉദ്യോഗാർത്ഥിയുടെ മാർക്ക് 24 ഉം ആണ്. |
| (സി) | മൈനസ് മാർക്ക് വാങ്ങിയവരേയും പൂജ്യം മാർക്ക് വാങ്ങിയവരേയും ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; | (സി) | ലിസ്റ്റ് II-ൽ എസ്.റ്റി. വിഭാഗത്തിന്റെ ഉപപട്ടികയിൽ മൈനസ് മാർക്ക് വാങ്ങിയ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. മറ്റു സമുദായങ്ങളുടെ ഉപപട്ടികകളിൽ പൂജ്യമോ അതിനു താഴെയോ മാർക്ക് വാങ്ങിയവരെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | ലിസ്റ്റ് I-ലെ ഒന്നാം റാങ്കുകാരന്റെ മാർക്കും അവസാന റാങ്കുകാരന്റെ മാർക്കും എത്രയാണ്; | (ഡി) | ലിസ്റ്റ് 1-ൽ ഒന്നാം റാങ്കുകാരന്റെ മാർക്ക് 71-ഉം അവസാന റാങ്കുകാരന്റെ മാർക്ക് 3-ഉം ആണ്. |
| (ഇ) | ലിസ്റ്റ് II-ലെ ഒന്നാം റാങ്കുകാരന്റെ മാർക്കും അവസാന റാങ്കുകാരന്റെ മാർക്കും എത്രയാണ്; | (ഇ) | ലിസ്റ്റ് II-ന്റെ മെയിൻ ലിസ്റ്റിൽ ഒന്നാം റാങ്കുകാരന് 81 മാർക്കും അവസാന റാങ്കുകാരന് 24 മാർക്കും ലഭിച്ചിട്ടുണ്ട്. |
| (എഫ്) | തൊഴിലധിഷ്ഠിത കോഴ്സായ വി.എച്ച്. എസ്.ഇ.ക്കാരെയും ബി.എസ്.സി.ക്കാരെയും തുല്യ യോഗ്യതയുള്ളവരായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | VHSC (Agriculture) നെ B.Sc (Agriculture) യോഗ്യതയ്ക്ക് തുല്യ യോഗ്യതയായി പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ